**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസും ഗ്രൂപ്പ് ഇൻഷ്വറൻസും സംബന്ധിച്ച പോളിസികൾ മെച്ചുർ ആയാൽ തുക വിതരണം ചെയ്യുന്നതിനായി, കൈ കൊണ്ട് പൂരിപ്പിച്ചതും ഒപ്പിട്ട് സൂക്ഷിക്കുന്നതുമായ ഇൻഷ്വറൻസ് പ്രീമിയം പാസ്ബുക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന നടപടിക്രമം ഭേദഗതി ചെയ്യുമോ; വ്യക്തമാക്കുമോ; | (എ) | **സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസും ഗ്രൂപ്പ് ഇൻഷ്വറൻസും മെച്ചുർ ആയാൽ പാസ്ബുക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന നടപടിക്രമം നിലവിൽ ഭേദഗതി ചെയ്യുന്നത് പ്രായോഗികമല്ല. ഇൻഷ്വറൻസ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ടി വിഷയം പരിഗണിക്കാവുന്നതാണ്.** |
| (ബി) | സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും ഇപ്പോൾ സ്പാർക്ക് (ശമ്പള വെബ്സൈറ്റ്) മുഖാന്തരം ഇലക്ട്രോണിക് രീതിയിൽ തന്നെ പ്രോസസ് ചെയ്ത് വിതരണം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, മെച്ചുർ ചെയ്യുന്ന പോളിസികളുടെ തുക വിതരണം ചെയ്യുന്നതിനായി സ്പാർക്കിലുള്ള ഡാറ്റാബേസ്, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുമായി പങ്കുവയ്ക്കുമോ; വ്യക്തമാക്കുമോ; | (ബി) | സ്പാർക്ക് ഡാറ്റാബേസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി നിലവിൽ പങ്കുവയ്ക്കപ്പെടുന്നില്ല. |
| (സി) | അപ്രകാരം ചെയ്യുന്നതിനാൽ പാസ്ബുക്കുകളും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെടാതെ, സ്പാർക്കിലെ വിവരങ്ങൾ അടിസ്ഥാനമാക്കി ഇൻഷ്വറൻസ് പോളിസികളുടെ മെച്യൂരിറ്റി തുക വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കാൻ സർക്കാരിന് പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സ്പാർക്ക് ഡാറ്റാബേസ് ഇൻഷ്വറൻസ് വകുപ്പുമായി പങ്കുവയ്ക്കുന്നതോടൊപ്പം കംപ്യൂട്ടറൈസേഷൻ പൂർത്തിയാക്കുകയും ചെയ്താൽ, സ്പാർക്ക് ആരംഭിച്ചതിനുശേഷം ഇഷ്യൂ ചെയ്ത പോളിസികളിൽ പാസ്ബുക്കുകളും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെടാതെ മെച്യൂരിറ്റി തുക വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്. സ്പാർക്ക് നിലവിൽ വരുന്നതിനുമുൻപ് മാന്വൽ ആയിട്ട് ശമ്പളം വിതരണം ചെയ്തിരുന്ന കാലഘട്ടത്തിൽ ഇഷ്യൂ ചെയ്ത പോളിസികളിൽ സ്പാർക്ക് ഡാറ്റാബേസ് ഉപയോഗിച്ച് പാസ്സ് ബുക്കുകളും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെടാതെ മെച്യൂരിറ്റി തുക വിതരണം ചെയ്യാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ